**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2046** — **03-03-2025 - ൽ മറുപടിയ്ക്ക്**

**കുറഞ്ഞ പലിശയ്ക്ക് വായ്പ വാഗ്ദാനം ചെയ്തുള്ള തട്ടിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുറഞ്ഞ പലിശ നിരക്കിൽ വായ്പ വാഗ്ദാനം ചെയ്തു തട്ടിപ്പ് നടത്തുന്ന സംസ്ഥാന/ഇതര സംസ്ഥാന ലോബികൾ പൊതുജനങ്ങളെ കടക്കെണിയിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്.ഇത് സംബന്ധിച്ച് രണ്ട് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം തട്ടിപ്പിന്റെ ഭാഗമായി കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ എത്ര പേർ ആത്മഹത്യ ചെയ്തു; ഇത്തരം തട്ടിപ്പ് നടത്തുന്ന എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കുറഞ്ഞ പലിശ നിരക്കിൽ വായ്പ വാഗ്ദാനം ചെയ്തു നടത്തുന്ന തട്ടിപ്പിന്റെ ഭാഗമായി കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ ആരും തന്നെ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.<br><br>വായ്പ വാഗ്ദാനം ചെയ്ത് വ്യക്തികൾ തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിൽ ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1617/2023 പ്രകാരമുള്ള കേസിലെ 4 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.<br><br>തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിൽ ചേർപ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1054/2024 പ്രകാരമുള്ള കേസിൽ തിരിച്ചറിയുന്നതിനുള്ള അന്വേഷണത്തിലാണ്. |
| (സി) | ഇത്തരം പ്രവർത്തനങ്ങൾ തടയാൻ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനും റിപ്പോർട്ട് ചെയ്യുന്ന കേസുകളിൽ അന്വേഷണം നടത്തുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷകരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ വിഭാഗം രൂപീകരിക്കേണ്ട ആവശ്യകത മനസ്സിലാക്കി സർക്കാർ ഒരു സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ക്രൈംബ്രാഞ്ചിന് കീഴിൽ രൂപീകരിച്ച് ഉത്തരവായി. ഇതിനായി ഒരു ഐ.ജി.പി.യും, 4 എസ്.പി.യും 11 ഡി.വൈ.എസ്.പി-മാരുമടങ്ങുന്ന 233 തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ